MR. THARIATHU KUNJITHOMMAN : പെറിഷൻ എന്തിനേക്കുറിച്ചാണ്?

MR. PRESIDENT : അതു് ഇവിടെ വായിക്കത്തക്കതല്ല. പെറിഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു വന്നതിനുശേഷം അതേപ്പറ്റി മേൽ നടപടി നടത്തുന്നതാണ്. ആ സമയം ഹർജി അച്ചടിപ്പിച്ചു് മെമ്പറന്മാർക്കു വിതരണം ചെയ്യുന്നതാണ്.

MR' THARIATHU KUNJITHOMMAN : എന്തു വിഷയത്തെക്കുറിച്ചാണ് ഈ ഹർജി?

MR. PRESIDENT : ചുരുക്കിപ്പറയാം. നിയമത്തിൽ കൂടുതൽ ആരോടെങ്കിലും ഇടാക്കിയിട്ടുണ്ടെല്ലിൽ അതേപ്പറ്റിക്കൂടി . . . . .

MR. P. S. NATARAJA PILLAI: Under Standing Order 65, the only thing that can be stated in this House is the date and by whom the petition was signed. The subject matter is not to be mentioned in this House.

MR. PRESIDENT : അതു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. അത്യാവശ്യമാണെന്നു പറഞ്ഞതുകൊണ്ടു് ചുരുക്കം മാത്രം പറയാമെന്നു വച്ചെന്നേയുള്ളൂ. അതാണ് ഇതിന്റെ ഉള്ളടക്കത്തെപ്പറ്റി പറയാൻ പാടില്ലെന്നു ഞാൻ പറഞ്ഞതു്. എതിരുണ്ടെങ്കിൽ ചുരുക്കവും പറയുന്നില്ല.

THE TRAVANCORE GENERAL SALES TAX BILL.

MR. PRESIDENT : അടുത്തതായി The Travancore General Sales Tax Bill. ആണ്.

HON'BLE MR. A. J. JOHN : ഈ ബില്ലിനെക്കുറിച്ചു് കഴിഞ്ഞ സെഷനിൽ പല അംഗങ്ങളും സംസാരിച്ചിട്ടുള്ളതാണ്. അതുകൊണ്ടു് ഇപ്പോൾ അധികം ചർച്ചയ്ക്കാവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. PRESIDENT : ആരെങ്കിലും സംസാരിക്കണമെങ്കിൽ സംസാരിക്കാം.

MR. THARIATHU KUNJITHOMMAN : കഴിഞ്ഞ തവണ സംസാരിച്ചവർക്ക് ഇനി സംസാരിക്കാൻ പാടില്ലല്ലോ.

MR. PRESIDENT : മി. കുഞ്ഞിത്തൊമ്മൻ കഴിഞ്ഞ പ്രാവശ്യം സംസാരിച്ചതാണ്.

HON'BLE MR. A. J. JOHN : ഈ ബിൽ ഒരു സെലക്ട്കമ്മിറ്റിക്കു അയയ്ക്കണമെന്നും ആ കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു:—

LIBRARY ARCHIVES Kerala Legislative Assembly

[Hon'dle Mr. A. J. John]

മെസ്സേഴ്സ്. അലക്സാണ്ടർ വാകയിൽ
കെ. എം. ചാണ്ടി
എ. പി. ഉദയഭാനു
കെ. രാമകൃഷ്ണപിള്ള
പിലിപ്പോസ് മുതലാളി
വി. കെ. വറുഗീസ്
പി. ഗോപാലൻ
മന്നാർ ഗോപാലൻനായർ
എൻ. എസ്സ്. കൊച്ചുകുഞ്ഞ്
പാറം തളിയത്ത്
പി. എസ്സ്. മഹമ്മദ്
കെ. എ. മാത്യു
കെ. എ. ഗംഗാധരമേനോൻ.

ഈ സെലക്റ്റ്കമ്മിറ്റിയും മേൽവിവരിച്ചപോലെ Standing order-നെ ഭേദപ്പെടുത്തി ഒരു മാസത്തിനകം റിപ്പോർട്ടചെയ്യണം. ഇതിന്റെ കോറം നാല്പായിരിക്കണം എന്നുംകൂടി ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. N. KUNJURAMAN: ഞാൻ ഇതിനെ സെക്കൻറ് ചെയ്യുന്നു.

The motion was put to vote and carried.

THE UNITED NATIONS PRIVILEGES AND IMMUNITIES BILL.

HON.BLE MR. A. J JOHN: ഇൻഡ്യൻ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ഈ കഴിഞ്ഞ ഫർ ർ-ൽ രണ്ടു ബില്ലുകളും പാസ്സാക്കുകയും ഫർ ർ ഡിസംബർ 1-ാംനു- ഗവർണ്ണർ ജനറലിന്റെ അനുമതി ലഭിച്ചു ആക്ട്കളായി തീരുകയും ചെയ്തു. ഫർ ർ ജൂൺ 26-ാം തീയതി സാൻഫ്രാൻസിസ്കോയിൽ വച്ച് ഒപ്പുവച്ച യുണൈറ്റഡ് നേഷൻസ് ചാർട്ടർ ഇൻഡ്യ സമ്മതിച്ചു സ്വീകരിച്ചു. ഈ ചാർട്ടറിലെ വ്യവസ്ഥകൾ അനുസരിച്ച് രണ്ടു ആക്ട്കളും ഇൻഡ്യയിലും നടപ്പിൽ വരുത്തേണ്ടതായിവന്നു. ടി യുണൈറ്റഡ് നേഷൻസ് സെക്യൂറിറ്റി കൗൺസിൽ ആക്ട് ആൻറ് യുണൈറ്റഡ് നേഷൻസു പ്രിവിലേജസ്

LIBRARY ARCHIVES Kerala Legislative Assembly